"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(കൈ) നം.246/2022/LSGD തീയതി,തിരുവനന്തപുരം, 04-11-2022

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022-ലെ യോഗത്തിലെ തീരുമാനം (ഇനം 3.4)

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവഹണം ആരംഭിക്കാൻ കഴിയുംവിധം വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കി അംഗീകാരം നേടുന്നതിന് പര്യാപ്തമാകുന്ന ഒരു സമയക്രമമാണ് പ്രസ്തുത മാർഗരേഖകളിൽ വിഭാവനം ചെയ്തിട്ടുള്ളത്. അതനുസരിച്ച് 2023-24 വർഷത്തെ വികസന പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ 2022 നവംബർ ആദ്യവാരം ആരംഭിക്കുകയും 2023 ജനുവരി പകുതിയോടെ പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2023-24 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ 2022 നവംബർ ആദ്യവാരം തന്നെ ആരംഭിക്കേണ്ടതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പരാമർശം 1 പ്രകാരമുള്ള മാർഗ്ഗരേഖയും നഗരഭരണ സ്ഥാപനങ്ങൾ പരാമർശം 2 പ്രകാരമുള്ള മാർഗ്ഗരേഖയും അവലംബിച്ചു വേണം അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കേണ്ടത്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്. പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ

എന്നിവയ്ക്ക് അനുസൃതമായി പ്രാദേശിക തലത്തിൽ പതിനാലാം പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപം നൽകേണ്ടത്. ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകൾ കണക്കിലെടുക്കുകയും വേണം.

3. വാർഷിക പദ്ധതിയിൽ, മുൻനിര പരിപാടികളായ അതിദാരിദ്ര്യ നിർമ്മാർജ്ജനം, ലൈഫ്, ഖര-ദ്രവ മാലിന്യ പരിപാലന പ്രോജക്ടുകൾ, പ്രാദേശിക സാമ്പത്തിക വികസന പ്രോജക്ടുകൾ, ദുരന്തനിവാരണ പ്രോജക്ടുകൾ, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ എന്നിവയ്ക്ക് ഉയർന്ന പരിഗണന നൽകണം. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും വേണം. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും ഏറ്റെടുക്കേണ്ടതാണ്.

4. അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും, കുടുംബശ്രീയുടെ നേതൃത്വത്തിൽ, തയ്യാറാക്കുന്നുണ്ട്. 2023-24ലേയ്ക്കുള്ള ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ഇങ്ങനെ രൂപപ്പെടുന്ന ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമസഭകളിലും വികസന സെമിനാറിലും ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം.

5. വികസന ഫണ്ടിലെയും മെയിന്റനൻസ് ഫണ്ടിലെയും വിവിധ വിഭാഗങ്ങളിൽ 2022-23-ൽ അനുവദിച്ച തുക എത്രയാണോ അതായിരിക്കും 2023-24ലെ വിഹിതം എന്ന് പ്രാഥമികമായി കണക്കാക്കിക്കൊണ്ട് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. അടുത്ത വർഷത്തെ സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നതോടുകൂടി യഥാർത്ഥ വിഹിതം എത്രയെന്ന് അറിയാൻ കഴിയും. ഇപ്രകാരം ലഭ്യമാകുന്ന യഥാർത്ഥ വിഹിതത്തിന് അനുസൃതമായി പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

6. പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കുന്നതിന് ശ്രമിക്കണം.

7. ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിച്ചു കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയ അവസ്ഥാരേഖകൾ

(Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് ഇനി പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ് - 1. നിലവിലുള്ള അവസ്ഥ 2. വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം 3. 2023-24ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും 4. സംയോജന സാധ്യതകൾ. തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം വിവിധ മേഖലകളിൽ ഉറപ്പാക്കേണ്ടതാണ്. ഉദാഹരണം ഖര-ദ്രവ മാലിന്യ സംസ്കരണം, ദുരന്തനിവാരണത്തിനും ജലസംഭരണത്തിനുമുതകും വിധം പ്രകൃതി വിഭവ പരിപാലനം, ജീവനോപാധികൾ, മാർക്കറ്റ് വികസനം തുടങ്ങിയ മേഖലകളിൽ LSGയുടെ വികസന സാധ്യതകൾ ഉറപ്പിക്കുന്നതിനായി ലേബർ ബഡ്ജറ്റുമായുള്ള സംയോജനം ഉണ്ടാകേണ്ടതുണ്ട്. ഇത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8. അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ ആദ്യ വർഷം (2022-23 ൽ) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2023-24ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവചിക്കുകയാണ് വേണ്ടത്. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. (പ്രശ്ന വിശകലനത്തിന് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3-ഉം വികസനലക്ഷ്യങ്ങൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം എ-യും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്).

9. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനൊപ്പം കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിലും തയ്യാറാക്കി അപ് ലോഡ് ചെയ്യേണ്ടതാണ്. അതോടൊപ്പം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ജി.പി.ഡി.പി. പോർട്ടലിൽ യഥാസമയം തന്നെ രേഖപ്പെടുത്തുകയും വേണം.

10. 2023-24 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ 2023 ജനുവരിയിൽ തന്നെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുണ്ട്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമയക്രമമാണ് വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| **ക്രമ** | | | **പൂർത്തിയാക്കേണ്ട** |
|---|---|---|---|

| നം. | പ്രവർത്തനം | | അവസാന തീയതി |
|---|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | : | 2022 നവംബർ 10 |
| 2 | അവസ്ഥാരേഖ പരിഷ്കരിക്കൽ | : | 2022 നവംബർ 18 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് തൊഴിലുറപ്പ് പദ്ധതി സംയോജനം ഉറപ്പാക്കി ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | 2022 നവംബർ 18 |
| 4 | നഗര സഞ്ചയ പ്രദേശത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയെയും ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ജില്ലാ തല കർമ്മ പദ്ധതിയെയും അടിസ്ഥാനമാക്കി ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ നൽകൽ | : | 2022 നവംബർ 18 |
| 5 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം | : | 2022 നവംബർ 22 |
| 6 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | 2022 നവംബർ 25 |
| 7 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്റ്റുകൾക്ക് രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം | : | 2022 നവംബർ 28 |
| 8 | സംയുക്ത പ്രോജക്റ്റുകൾക്ക് അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം | : | 2022 നവംബർ 30 |
| 9 | ഗ്രാമസഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | 2022 ഡിസംബർ 3 |
| 10 | ഗ്രാമസഭാ യോഗങ്ങൾ | : | 2022 ഡിസംബർ 5-17 |
| 11 | ഗ്രാമ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2022 ഡിസംബർ 19 |
| 12 | ഗ്രാമ പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2022 ഡിസംബർ 21 |
| 13 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2022 ഡിസംബർ 31 |
| 14 | ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | 2023 ജനുവരി 5 |
| 15 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2023 ജനുവരി 7 |
| 16 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | 2023 ജനുവരി 16 |
| 17 | ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2023 ജനുവരി 21 |
| 18 | കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ | : | 2023 ജനുവരി 25 |
| | **ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ** | | |
| 19 | ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ | : | 2023 ജനുവരി 1 |

| | | | |
|---|---|---|---|
| | തയ്യാറാക്കൽ | | |
| 20 | ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2023 ജനുവരി 3 |
| 21 | ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2023 ജനുവരി 4 |
| 22 | ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2023 ജനുവരി 6 |
| 23 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2023 ജനുവരി 9 |
| 24 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | 2023 ജനുവരി 15 |
| 25 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2023 ജനുവരി 17 |
| 26 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | 2023 ജനുവരി 23 |
| 27 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2023 ജനുവരി 25 |
| 28 | കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ | : | 2023 ജനുവരി 28 |
| 29 | ഗ്രാമ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | 2023 മാർച്ച് 7 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
22. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
23. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
24. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
25. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
26. ഡയറക്ടർ ജനറൽ, കില
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
30. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
31. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 05-11-2022 14:44:51**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ -എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

ഫോറം എ

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2023-24 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്............................................. വർക്കിംഗ് ഗ്രൂപ്പിന്റെ പേര്.....................................................

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022-23 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2023-24 ലെ ലക്ഷ്യം | ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|
| | | | | | | | | 1.<br>2.<br>etc |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

സ്ഥലം :
തീയതി :

ഒപ്പ്:
പേര്:
കൺവീനർ
---------------------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.
പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്
സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)
ഇപ്പോഴത്തെ അവസ്ഥ : 10 ഹെക്ടർ
പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ